പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3017 29-10-2026-ൽ മറുപടിയ്ക്ക്

സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുവാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) നിലവിൽ ഹയർ സെക്കണ്ടറി കോഴ്സ് ഇല്ലാത്ത സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

മറുപടി: ഹയർസെക്കന്ററി മേഖലാ ഉപമേധാവിമാർ സമർപ്പിക്കുന്ന പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ട് പരിശോധിച്ചാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നത്. 2027-28 വർഷത്തെ പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ട് 2026-27 വർഷത്തെ പത്താം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടെ കണക്കാക്കി മേഖലാ ഉപമേധാവിമാർ തയ്യാറാക്കി വരുന്നു. ആയത് പരിശോധിച്ച് വിദ്യാഭ്യാസ ആവശ്യകത നിലനിൽക്കുന്നുണ്ടെങ്കിൽ പുതുതായി വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോ ഴ്സ് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(ബി) ഹയർ സെക്കണ്ടറി അഡ്മിഷന് സീറ്റ് തികയാതെ വരുമ്പോൾ അഡീഷണൽ സീറ്റും അഡീഷണൽ ബാച്ചും അനുവദിക്കുന്നതിന് പകരം ഹയർ സെക്കണ്ടറി കോഴ്സില്ലാത്ത ഹൈസ്കൂളുകളിൽ ആയത് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മറുപടി: ഹയർസെക്കന്ററി മേഖലാ ഉപമേധാവിമാർ സമർപ്പിക്കുന്ന പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ട് പരിശോധിച്ചാണ് സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നത്. 2027-28 വർഷത്തെ പ്രാദേശിക വിദ്യാഭ്യാസ ആവശ്യകത റിപ്പോർട്ട് 2026-27 വർഷത്തെ പത്താം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടെ കണക്കാക്കി മേഖലാ ഉപമേധാവിമാർ തയ്യാറാക്കി വരുന്നു. ആയത് പരിശോധിച്ച് വിദ്യാഭ്യാസ ആവശ്യകത നിലനിൽക്കുന്നുണ്ടെങ്കിൽ പുതുതായി വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോ ഴ്സ് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ